"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- പ്ലാനിംഗ്-ജീവനക്കാര്യം-ശ്രീമതി രാജി. കെ.എസ്-ന്റെ അസിസ്റ്റന്റ് ടൗൺ പ്ലാനർ തസ്തികയിലെ നിരിക്ഷണ കാലയളവ് ദീർഘിപ്പിച്ച നൽകി ഉത്തരവ് പുറപ്പെട്ടവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.122/2026/LSGD തീയതി,തിരുവനന്തപുരം, 14-01-2026

---

പരാമർശം:-

1. അക്കൗണ്ടന്റ് ജനറലിന്റെ 11.08.2025 തീയതിയിലെ GE19/B/1088066/TPA-63/129189/474 നമ്പർ കത്ത്
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 11.11.2025 തീയതിയിലെ LSGD/PD/24084/2025-DEH5 നമ്പർ നടപടിക്രമം
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 26.11.2025, 26.12.2025 തീയതികളിലെ LSGD/PD/24084/2025-DEH5 നമ്പർ കത്തുകൾ.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് വിഭാഗത്തിൽ അസിസ്റ്റന്റ് ടൗൺ പ്ലാനർ തസ്തികയിൽ 7.5.2021 പൂർവ്വാഹ്നം ജോലിയിൽ പ്രവേശിച്ചിട്ടുള്ള ശ്രീമതി. രാജി കെ.എസ് പ്രൊബേഷൻ കാലയളവിൽ നിർബന്ധമായും പാസ്സാകേണ്ട വകുപ്പുതല പരീക്ഷ പാസ്സായിരുന്നില്ല. ടിയാൾ പ്രൊബേഷൻ കാലയളവിൽ പ്രൊബേഷന് പരിഗണിയ്ക്കാത്ത 53 അവധികൾ വിനിയോഗിച്ചിട്ടുണ്ടെന്ന് അക്കൗണ്ടന്റ് ജനറൽ പരാമർശം ( 1 ) പ്രകാരം അറിയിച്ചിട്ടുണ്ട്. ടിയാളുടെ ജനനതീയതി 23.05.1975 ആയതിനാൽ ടിയാൾക്ക് 22.05.2025 ൽ 5 0 വയസ്സ് പൂർത്തിയായിട്ടുണ്ട്. 50 വയസ്സ് പൂർത്തിയായവർക്ക് വകുപ്പുതല പരീക്ഷ പാസാകുന്നതിൽ നിന്നും ഇളവ് അനുവദിച്ചിട്ടുള്ളതിനാൽ ടിയാളുടെ ടൗൺ പ്ലാനർ തസ്തികയിലെ നിരീക്ഷണകാലയളവ് കെ.എസ് & എസ്.എസ്.ആർ റൂൾ 21 പ്രകാരം 29.06.2023 മുതൽ 28.06.2024 വരെ ഒരു വർഷകാലയളവിലേയ്ക്ക് പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ദീർഘിപ്പിച്ച് നൽകുകയും, ടിയാൾ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിന് മറ്റ് തരത്തിൽ അർ ഹയായതിനാൽ ടിയാളുടെ പ്രൊബേഷൻ കാലയളവ് 29.06.2024 മുതൽ

24.05.2025 വരെ ദീർഘിപ്പിച്ചു നൽകുന്നതിന് പരാമർശം(3) പ്രകാരം പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി രാജി കെ എസ് എന്നവരുടെ അസിസ്റ്റന്റ് ടൗൺ പ്ലാനർ തസ്തികയിലെ നിരീക്ഷണകാലം 23.05.2025 ൽ പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിലേക്കായി പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടിയാളുടെ പ്രൊബേഷൻ കാലയളവ് 29.06.2024 മുതൽ 24.05.2025 വരെ 1958 ലെ കെ.എസ്&എസ്.എസ്.ആർ ഭാഗം II ചട്ടം 21 പ്രകാരം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DIPUKUMAR S L
അണ്ടർ സെക്രട്ടറി

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം
2) ചീഫ് ടൗൺ പ്ലാനർ,തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
3) ശ്രീമതി രാജി കെ എസ്,അസിസ്റ്റന്റ് ടൗൺ പ്ലാനർ , തദ്ദേശ സ്വയംഭരണ വകുപ്പ് (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം
5) വെബ്&ന്യൂ മീഡിയ, ഐ.& പി.ആർഡി
6) ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
7) സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
സെക്ഷൻ ഓഫീസർ
Date: 17-01-2026 08:55:38